**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

DHS/5645/2023-EA4 തീയതി. 25-12-2025

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ആരോഗ്യവകുപ്പ്-ഡോ.ഫെബിൻ.പി, ജൂനിയർ കൺസൾട്ടന്റ് (ഒബി&ജി)- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. എ6/509/2023/ജിമെആ കൊല്ലം തീയതി 04.04.2023

2 GE/G/F-104/226 തീയതി 25.06.2025

ഡോ.ഫെബിൻ.പി (P E N 690576) എന്ന താങ്കൾ കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഒബി&ജി) തസ്തികയിൽ സേവനത്തിലിരിക്കവെ 23.06.2022 തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയാണെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 20.04.2012 തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പി ക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്ന തിനും താത്കാലികമായി തീരുമാനിക്കുന്നു.

ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് തീയതി മുതൽ 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന്

ആഗ്രഹിക്കുന്നു വെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Meenakshy V
Date: 25-12-2025 23:24:40
**Director of Health Services (in charge)**

സ്വീകർത്താവ്,

**Dr Febin P,**

**33/5759, Ennampalathparamba, Chevayur PO**

**Pin- 673107**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോഴിക്കോട്.
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി വടകര, കോഴിക്കോട്
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. സീനിയർ സൂപ്രണ്ട്,
ഇബി സെക്ഷൻ
6. ഫയൽ